# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER 28 2020




## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


### കൂടുതൽ ഭക്തർക്ക് അയ്യപ്പദർശനത്തിന് വഴിയൊരുങ്ങും; തീരുമാനം ഉടനെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ്

വരും ദിവസങ്ങളിൽ കൂടുതൽ പേർക്ക് ശബരിമല ദർശനം നടത്താനുള്ള സാഹചര്യമൊരുക്കാനുള്ള തീരുമാനം ഉടൻ ഉണ്ടാകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസു പറഞ്ഞു. ശബരിമല സന്നിധാനത്ത് മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. തീർഥാടകരുടെ എണ്ണത്തിൽ വർധനവ് ഉണ്ടാക്കാനുള്ള തീരുമാനം ഉണ്ട്. തിങ്കളാഴ്ചയോടെ ഈ വർധനവ് വരും. തീർഥാടകരുടെ എണ്ണം സർക്കാർ തലത്തിൽ പ്രഖ്യാപിക്കും.

മണ്ഡലകാലം ആരംഭിച്ച 12 ദിവസത്തിൽ 13,529 ഭക്തരാണ് അയ്യപ്പദർശനം നടത്തിയിട്ടുള്ളത്. കോവിഡ് പ്രതിരോധ നടപടിയുടെ ഭാഗമായി കർശന നിയന്ത്രണങ്ങളോടെയാണ് ഇത്തവണ ശബരിമല തീർഥാടനം ആരംഭിച്ചത്. വെർച്വൽ ക്യൂവിലൂടെ രജിസ്റ്റർ ചെയ്തവരിൽ കോവിഡ് നെഗറ്റീവ് ആയ 1000 ഭക്തരെ മാത്രമാണ് ഇപ്പോൾ ദിവസവും സന്നിധാനത്തേക്ക് കടത്തിവിടുന്നത്.

തീർഥാടനം തുടങ്ങിയ ശേഷം ഇതുവരെ നിലയ്ക്കൽ 37 കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ ഭക്തരും വിവിധ വകുപ്പുകളിലെ ജീവനക്കാരും ഉൾപ്പെട്ടിട്ടുണ്ട്. സന്നിധാനത്ത് ഒൻപതു ജീവനക്കാർക്ക് കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോവിഡ് കേസുകളുടെ അനുപാതം താരതമ്യം ചെയ്യുമ്പോൾ ഇത് അത്ര ആശങ്കയുണർത്തുന്ന കണക്ക് അല്ലെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. സന്നിധാനത്ത് ദർശനം നടത്തി പോയ ഭക്തർക്ക് ആർക്കും ഇതുവരെയും കോവിഡ് റിപ്പോർട്ട്

ചെയ്തിട്ടില്ല

ആരോഗ്യവകുപ്പിനോടും പോലീസ് ഡിപ്പാർട്ട്മെന്റിനോടും, മറ്റ് വിദഗ്ധരോടും ആലോചിച്ചതിന് ശേഷം മാത്രമേ എത്രപേരെ കൂടുതൽ അനുവദിക്കാനാകും എന്നകാര്യത്തിൽ തീരുമാനമാകുവെന്നും അദ്ദേഹം പറഞ്ഞു. രണ്ടു കോടിക്ക താഴെ മാത്രമാണ് ശബരിമലയിലെ ഇതുവരെയുള്ള വരുമാനം. സാധാരണ 50 കോടി വരെ വരുമാനം ലഭിക്കുന്നസ്ഥാനത്താണിതെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

കോവിഡ് മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചുകൊണ്ടുള്ള തീർഥാടനമാണ് നടക്കുന്നത്. സാമൂഹിക അകലം കൃത്യമായി പാലിക്കുന്നുണ്ട്. സാനിറ്റൈസിംഗിനുള്ള സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരിടത്തും തിരക്ക ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. ശബരിമലയിൽ സേവനം അനുഷ്ഠിക്കുന്നവിവിധ വകുപ്പുകളിലെ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണമെന്ന് കർശന നിർദേശം നൽകിയിട്ടുണ്ട്. ആരെങ്കിലും ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ കർശന നടപടിയെടുക്കും.

വരുന്ന ഭക്തർക്ക സുഖമായി ദർശനം നടത്താനുള്ള സൗകര്യമുണ്ട്. എല്ലാ ഭക്തർക്കും അന്നദാനം നൽകുന്നുണ്ട്. ഏതെങ്കിലും രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ അപ്പോൾ തന്നെ പരിശോധിക്കുവാനും പോസിറ്റീവാകുന്നവരെ ആശുപത്രിയിലേക്കോ, വരുന്നവാഹനങ്ങളിൽ തന്നെ നാട്ടിലെത്തിക്കുന്നതിനോ ഉള്ള സജ്ജീകരണമുണ്ട്. ഇതുവരെയുള്ള തീർഥാടനം സുഗമമായി മുന്നോട്ടു പോകുകയാണെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

*(പി.ആർ. ശബരി–55)*

***ഫോട്ടോ അടിക്കുറിപ്പ്-ടിഡിബി പ്രസിഡന്റ്***

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ എൻ. വാസു ശബരിമല സന്നിധാനത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുന്നു.

***ഫോട്ടോ അടിക്കുറിപ്പ്-ദർശനം -***

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ എൻ. വാസു ശബരിമല സന്നിധാനത്ത് ദർശനം നടത്തുന്നു.




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 28 | 2020 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**തൃക്കാർത്തിക: ശബരിമലയിൽ ഇന്ന് (29) വിശേഷാൽ ദീപാരാധന**

വൃശ്ചിക മാസത്തിലെ തൃക്കാർത്തിക നാളായ ഇന്ന് (29) ശബരിമല ശ്രീ കോവിൽ ദീപാലങ്കാരങ്ങളാൽ പ്രഭചൊരിയും. തൃക്കാർത്തിക നാളിൽ സന്നിധാനത്ത് വിശേഷാൽ ദീപാരാധന നടക്കും. കാർത്തിക നാളിൽ മാളികപ്പുറത്തും വിശേഷാൽ ദീപാരാധന ഉണ്ടായിരിക്കും.

ശബരിമല സന്നിധാനത്തെ തങ്ക അങ്കി ചാർത്തിയുള്ള വിഗ്രഹ അലങ്കാരം, വിശേഷാൽ നെയ്യ്വിളക്ക്, അഷ്ടാഭിഷേകം, ശതകലശ വഴിപാട് എന്നിവ ഉണ്ടാകും. കൂടാതെ ശ്രീകോവിലിനു ചുറ്റും മൺചിരാത് വിളക്കുകളും നിലവിളക്കുകളും കൊണ്ട് അലങ്കരിക്കും. നിത്യപൂജകൾക്ക് മാറ്റമുണ്ടാവുകയില്ല.

*(പി.ആർ. ശബരി-56)*

**ശബരിമലയിലെ നാളത്തെ (29.11.20) ചടങ്ങുകൾ...**

5 മണിക്ക്.... തിരുനട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെനെയ്യഭിഷേകം

7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-57)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.